QP Code: U25DRIS006

Reg. No : .....

Name : .....

ST MARY'S COLLEGE (AUTONOMOUS), THRISSUR-20

I SEMESTER (FYUGP) DEGREE EXAMINATIONS, NOVEMBER 2025

(Regular/Improvement/Supplementary)

MAL1FA102(2) : Malayalam Literary Appreciation

2024/2025 Admissions

(Credits: 3)

Time:1. 5 Hours **Maximum Marks: 50**

Section A

*Answer **All**. Each question carries **2** Marks.* ***(Ceiling: 16 Marks)***

1. സഞ്ചാരസാഹിത്യത്തിന്റെ പൊതുവായ പ്രത്യേകതകൾ എന്തെല്ലാം?
2. "അതിനിടെ പെട്ടെന്ന് ഒരു സംഗീതോപകരണം വായിക്കുന്നതിന്റെ ഒലി കേട്ടു." സന്ദർഭമേത്?
3. എന്താണ് മൻഹാട്ടൻ പ്രോജക്ട് എന്ന പേരിൽ അറിയപ്പെട്ടത്?
4. ഉറൂബിന്റെ രണ്ട് കൃതികൾ?
5. ഉത്തരാധുനിക ചെറുകഥകളുടെ സവിശേഷതകളെന്തെല്ലാം?
6. ലക്ഷണയുക്തമായ പ്രഥമ മലയാള നോവലായി ഗണിക്കുന്ന കൃതി?
7. തുള്ളൽ എത്ര വിധം? ഏതെല്ലാം?
8. പ്രാചീന കവിത്രയം ആരെല്ലാം?
9. ചലച്ചിത്രഗാനങ്ങൾ സ്വതന്ത്ര കവനങ്ങളല്ല എന്നു പറയുന്നതിന്റെ കാരണമെന്ത്?
10. കൂത്താണ്ടവർകോവിൽ എവിടെയാണ് സ്ഥിതിചെയ്യുന്നത്?

Section B

*Answer **All**. Each question carries **6** Marks.* ***(Ceiling: 24 Marks)***

11. ഡോ. എം. എസ് സ്വാമിനാഥന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഹരിതവിപ്ലവത്തിന്റെ പോരായ്മകൾ എന്തെല്ലാമായിരുന്നു?
12. "സുഹറാ... ഇനിയങ്ങനെ വിളിക്കരുത്. പെണ്ണ് തന്ന്യാ.. പെണ്ണ് മാത്രാ ഞാൻ. ഒരു പെണ്ണായി അഭിമാനത്തോടെ എനിക്ക് ജീവിക്കണം"ഏത് കൃതിയിലേത് ? സന്ദർഭമെന്ത്?
13. ആധുനികതയുടെ സ്ത്രീസങ്കല്പങ്ങളെ 'മിണ്ടാപ്പെണ്ണ്' എന്ന നോവൽ ആവിഷ്കരിക്കുന്നതെങ്ങനെ?

Turn Over

14. "മരുത്തിൻറെ മകൻവന്നു മരിപ്പിച്ചെന്നതു കേട്ടാൽ
ചിരിക്കും സജ്ജനമെന്നു ധരിക്ക മർക്കടത്താനേ!" സന്ദർഭവും ആശയവും വിവരിക്കുക..

15. അഴകന് മാണിക്കനെ നഷ്ടപ്പെടാനുണ്ടായ കാരണം വിവരിക്കുക.

Section C

*Answer **any one**. Each question carries **10** Marks.* ***(1x10=10 Marks)***

16. കരിമ്പുലി എന്ന കഥയിലൂടെ പങ്കു വെയ്ക്കുന്ന പാരിസ്ഥിതികബോധം വിശകലനം ചെയ്യുക.

17. അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ പടരുന്നതിനെതിരെ കല കൊണ്ടുള്ള പ്രതിഷേധമാണ് തട്ടുമ്പൊറത്തപ്പൻ. ഈ അഭിപ്രായം വിശകലനം ചെയ്യുക.

****